**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 526** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ ക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ നൽകുന്നതിനായി ഏർപ്പെടുത്തിയ പ്രത്യേക സെസ് മുഖേന നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക പെൻഷൻ വിതരണത്തിനായി നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (എ) | പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി 31 ജൂലൈ 2023 വരെ 260.56 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രമായി ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. നിലവിൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനുള്ള തുക, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം ചെയ്യുവാനുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 2023 മെയ്, ജൂൺ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2023 ജൂലൈ, ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണം ചെയ്യാനുണ്ട്. |
| (സി) | പ്രത്യേക സെസ് മുഖേന ധനസമാഹരണം നടത്തിയിട്ടും സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക ഉണ്ടാകുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി 31 ജൂലൈ 2023 വരെ 260.56 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. എന്നാൽ, ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. ആയതിനാൽ പെൻഷൻ വിതരണത്തിന് ആവശ്യമായി വരുന്ന തുക പ്രത്യേക സെസിൽ നിന്നും പൂർണ്ണമായും കണ്ടെത്താനാകില്ല. കേന്ദ്ര സർക്കാർ നയങ്ങൾ മൂലം അനുഭവപ്പെടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ഏപ്രിൽ 2023 വരെയുള്ള പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു. മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ആഗസ്റ്റ് 2023 ന് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ